**No.CEE/4012/PGM2017/TA3**

കേരള സർക്കാർ

പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# പത്രക്കുറിപ്പ്

## ബിരുദാനന്തര ബിരുദ മെഡിക്കൽ (ഡിഗ്രി/ഡിപ്ലോമ) കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം - 2017

## രണ്ടാംഘട്ട അലോട്ട്മെന്റിന്റെ നടപടിക്രമങ്ങൾ ആരംഭിക്കുന്നു

2017–ലെ ബിരുദാനന്തര ബിരുദ മെഡിക്കൽ (ഡിഗ്രി/ഡിപ്ലോമ) കോഴ്സുകളിലേയ്ക്ക് സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിലെയും, കൽപിത സർവ്വകലാശാലയിലെയും സർക്കാർ, മാനേജ്മെന്റ്, എൻ.ആർ.ഐ സീറ്റുകൾകൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള രണ്ടാംഘട്ട കേന്ദ്രീകൃത അലോട്ട്മെന്റ് നടപടിക്രമങ്ങൾ **12.05.2017** (വെള്ളിയാഴ്ച) ആരംഭിക്കുന്നതാണ്. അലോട്ട്മെന്റിന് പരിഗണിക്കപ്പെടുന്നതിലേയ്ക്കായി നിലവിലുള്ള ഓപ്ഷനുകൾ നിലനിർത്താൻ ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നിർബ്ബന്ധമായും ചെയ്യേണ്ടതാണ്. കത്തോലിക് മാനേജ്മെന്റിന്റെ കീഴിലുള്ള സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ ക്രിസ്ത്യൻ കമ്മ്യൂണിറ്റി ക്വാട്ടയിൽ അപേക്ഷിക്കാൻ യോഗ്യരായവർ ഓപ്ഷൻ വെബ്സൈറ്റിൽ (www.cee.kerala.gov.in) ആ വിവരം രേഖപ്പെടുത്തി പ്രസ്തുത കോഴ്സുകളിലേയ്ക്കുള്ള ഓപ്ഷനുകൾ സമർപ്പിക്കേണ്ടതാണ്. കമ്മ്യൂണിറ്റി ക്വാട്ടാ അപേക്ഷകർ വെബ്സൈറ്റിൽ നിന്നും നിശ്ചിത മാതൃകയിലുള്ള പ്രോഫോർമ ഡൗൺലോഡ് ചെയ്ത് പൂരിപ്പിച്ച് ബന്ധപ്പെട്ട അധികാരികളിൽ നിന്നും സാക്ഷ്യപ്പെടുത്തി വാങ്ങി വെബ്സൈറ്റിൽ അപ്ലോഡ് ചെയ്യേണ്ടതാണ്. സ്വാശ്രയ കോളേജുകളിലെയും കൽപിത സർവ്വകലാ ശാലയിലെയും എൻ.ആർ.ഐ ക്വാട്ടാ അപേക്ഷകരും ബന്ധപ്പെട്ട രേഖകൾ വെബ്സൈറ്റിൽ അപ്ലോഡ് ചെയ്യേണ്ടതാണ്. സ്വാശ്രയ കോളേജുകളിലെയും കൽപിത സർവ്വകലാശാലയിലെയും എൻ.ആർ.ഐ ക്വാട്ടയിലേയ്ക്കും കമ്മ്യൂണിറ്റി ക്വാട്ടാ സീറ്റുകളിലേയ്ക്കും അലോട്ട്മെന്റ് ലഭിക്കുന്ന വരുടെ എൻ.ആർ.ഐ ക്വാട്ട/കമ്മ്യൂണിറ്റി ക്വാട്ട യോഗ്യത തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുക ളുടെയും അനുബന്ധരേഖകളുടെയും സൂക്ഷ്മ പരിശോധന **22.05.2017** **(തിങ്കളാഴ്ച)** തിരുവനന്തപുരത്ത് വച്ച് നടക്കുന്ന കൗൺസിലിംഗിൽ നടത്തുന്നതാണ്. സർട്ടിഫിക്കറ്റ് പരിശോധനാ വേളയിൽ അപേക്ഷകർ നേരിട്ട് ഹാജരാകേണ്ടതാണ്. സ്ഥലവും സമയവും പിന്നീട് അറിയിക്കുന്നതാണ്. എൻ.ആർ.ഐ സീറ്റുകളിലേയ്ക്കുള്ള പ്രവേശനം 22.05.2013 ലെ സർക്കാർ ഉത്തരവ് നം GO(MS) No. 193/2013/H&FWD യും അഡ്മിഷൻ സൂപ്പർവൈസറി കമ്മിറ്റി & ഫീ റെഗുലേറ്ററി കമ്മിറ്റി പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശങ്ങളും പാലിച്ചായിരിക്കും. നീറ്റ് റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതും പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ച കേരളാ സ്റ്റേറ്റ് മെരിറ്റ് ലിസ്റ്റിൽ ഉൾപ്പെടാത്തതുമായവർക്ക് മേൽ വെബ്സൈറ്റിലൂടെ ഓൺലൈനായി രജിസ്റ്റർ ചെയ്ത ശേഷം ഓപ്ഷനുകൾ സമർപ്പിച്ച് അലോട്ട്മെന്റ് പ്രക്രിയയിൽ പങ്കെടുക്കാവുന്നതാണ്. അപ്രകാരം രജിസ്റ്റർ ചെയ്തവർക്ക് അലോട്ട്മെന്റ് ലഭിക്കുന്ന പക്ഷം അവരുടെ നേറ്റിവിറ്റിയും, മറ്റ് യോഗ്യതകളും തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ **22.05.2017** ന് നടക്കുന്ന സർട്ടിഫിക്കറ്റ് പരിശോധനാ സമയത്ത് നേരിട്ട് ഹാജരാക്കേണ്ടതാണ്.

കോളേജുകൾ, കോഴ്സുകൾ, ഫീസ്, മറ്റു വിശദവിവരങ്ങൾ എന്നിവ www.cee-kerala.org എന്ന വെബ്സൈറ്റിൽ ലഭ്യമാക്കുന്നതാണ്.

തിരുവനന്തപുരം

11.05.2017

**പ്രവേശന പരീക്ഷാ കമ്മീഷണർ**